Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 945/KCBC/K-6/KPR/DS 3.6.2025

# പരിഷ്ക്കരിച്ച പിഒസി ബൈബിൾ പ്രസിദ്ധീകരിച്ചു

കൊച്ചി: 2008-ൽ ആരംഭിച്ച് നീണ്ട പതിനാറുവർഷത്തെ പരിഷ്ക്കരണ ജോലികൾക്കുശേഷം പിഒസി പരിഷ്ക്കരിച്ച ബൈബിൾ കേരളജനതയ്ക്കുവേണ്ടി കേരളസഭയുടെ ആസ്ഥാന കാര്യാലയമായ പാലാരിവട്ടം പിഒസിയിൽ വച്ച് പ്രകാശനം ചെയ്തു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, കേരളത്തിന്റെ ബഹുമുഖപ്രതിഭയും സാംസ്കാരിക നേതാവുമായ പ്രൊഫ. എം.കെ. സാനുവിന് പരിഷ്ക്കരിച്ച പിഒസി ബൈബിൾ നല്കികൊണ്ട് പ്രകാശന കർമ്മം നിർവഹിച്ചു. അഭിമാനാർഹമായ ഈ ചരിത്ര മുഹൂർത്തത്തിന് കെസിബിസിയിലെ എല്ലാ മെത്രാന്മാരും സന്യാസസഭകളിലെ മേജർ സൂപ്പീരിയേഴ്സും സമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്നുള്ള വിശിഷ്ട അതിഥികളും സാക്ഷ്യം വഹിച്ചു. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് ജെയിംസ് ആനാപറമ്പിൽ പരിഷ്കർത്താക്കളെ ശ്ലാഹിച്ചുകൊണ്ട് എല്ലാവരേയും സ്വാഗതം ചെയ്തു. എല്ലാകാലത്തും എല്ലാ സംസ്കാരങ്ങളേയും സ്വാധീനിക്കാനും, മെച്ചപ്പെട്ട മാനവസമൂഹത്തെ വാർത്തെടുക്കുവാനും ബൈബിൾ മൂല്യങ്ങൾ ആവശ്യമാണെന്ന് പ്രൊഫ. എം.കെ. സാനു തന്റെ അനുഗ്രഹപ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞു. ബൈബിൾ കൂടുതൽ ആഴത്തിൽ പഠിക്കുവാൻ പരിഷ്ക്കരിച്ച ബൈബിൾ സഹായിക്കുമെന്ന് റവ. ഫാ. ഡാനിയേൽ പൂവ്വണ്ണത്തിൽ അനുമോദനപ്രഭാഷണത്തിൽ പറഞ്ഞു. ബൈബിൾ കമ്മീഷൻ സെക്രട്ടറിമാരായ റവ. ഡോ. ജോജു കോക്കാട്ടും റവ. ഡോ. ജോൺസൺ പുതുശ്ശേരിയും റവ.ഡോ. ജോഷി മയ്യാറ്റിലും പിഒസി ബൈബിളിന്റെ പരിഷ്ക്കരണ ചരിത്രത്തെയും നാൾവഴികളെയും, പരിഷ്ക്കരണത്തിന്റെ ആവശ്യകതയെയും കുറിച്ച് സംസാരിച്ചു. പിഒസി ഡയറക്ടർ റവ ഫാ. തോമസ് തറയിൽ ബൈബിൾ പരിഷ്ക്കരണപ്രക്രിയയിൽ പങ്കെടുത്ത എല്ലാവരേയും നന്ദിയോടെ അനുസ്മരിച്ചു. .

വിശുദ്ധഗ്രന്ഥം കാലകാലങ്ങളിൽ പ്രമാദരഹിതമായ വിധത്തിൽ പരിഷ്ക്കരിച്ച് ദൈവജനത്തിന് ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന മാർപാപ്പാമാരുടെ നിർദേശങ്ങൾ അനുസരിച്ചാണ് കേരളസഭ 2008-ൽ പരിഷ്ക്കരണശ്രമങ്ങൾ ആരംഭിച്ചത്. 2008-ൽ ആരംഭിച്ച പിഒസി ബൈബിളിന്റെ പരിഷ്ക്കരണം വിവിധഘട്ടങ്ങളിലൂടെ കടന്നുപോയി 2024-ൽ പൂർത്തീകരിക്കപ്പെട്ടു. പരിഭാഷയുടെ കൃത്യതക്കും ഭാഷ സംശോധനക്കും വേണ്ട തിരുത്തലുകൾക്ക് ശേഷം പ്രസിദ്ധീകരിച്ച പരിഷ്കരിച്ച പിഒസി സമ്പൂർണ്ണ ബൈബിൾ പ്രകാശനം ചെയ്തത്. കേരളസഭയ്ക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിക്കും പിഒസിക്കും കെസിബിസി ബൈബിൾ കമ്മീഷനും ഇത് അഭിമാനത്തിന്റെ ചരിത്ര മുഹൂർത്തമാണ്.

ഫാ. തോമസ് തറയിൽ
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, പ്രൊഫ. എം.കെ. സാനുവിന് പരിഷ്ക്കരിച്ച പിഒസി ബൈബിൾ നല്കികൊണ്ട് പ്രകാശന കർമ്മം നിർവഹിക്കുന്നു. റവ. ഡോ. ജോൺസൺ പുതുശ്ശേരി, ബിഷപ് അലക്സ വടക്കുംതല, ബിഷപ് പോളി കണ്ണൂക്കാടൻ, ബിഷപ് ജെയിംസ് ആനാപറമ്പിൽ, ഫാ. ഡാനിൽ പൂവ്വണ്ണത്തിൽ, റവ ഫാ. തോമസ് തറയിൽ എന്നിവർ സമീപം.

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. THOMAS THARAYIL
POC, PB No. 2251
Palarivattom, Kochi-682 025
Ph: 0484-2805815,
2805722
Email:frthomastharayil@gmail.com